പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 6011 08.07.2013 - ൽ മറുപടിയ്ക്ക്

## 'സ്നേഹപൂർവ്വം' പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹിക സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യം 2012 നവംബർ മാസം മുതൽ അനുവദിച്ചു വരുന്നു. കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ 6400 അപേക്ഷകൾ ലഭിച്ചതിൽ 2037 പേർക്ക് ആനുകൂല്യം അനുവദിച്ചു കഴിഞ്ഞു. അപൂർണ്ണമായി ലഭിച്ച 2500 - ൽ പരം അപേക്ഷയിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതി ആനുകൂല്യത്തിനർഹതയുള്ള എല്ലാപേരിൽ നിന്നും അപേക്ഷ ശേഖരിച്ച് ആനുകൂല്യം അനുവദിക്കുന്നതിന് അംഗൻവാടി വർക്കർമാർക്ക് പദ്ധതിയെ സംബന്ധിച്ച അവബോധം നൽകുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2013 - 14 അദ്ധ്യായന വർഷത്തിൽ ആനുകൂല്യത്തിനർഹതയുള്ള എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിനായി 2013-14-ൽ എന്തു തുക മാറ്റി വച്ചിട്ടുണ്ട്; ആയതിൽ ഇതേവരെ എന്തു തുക ചെലവഴിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തിന് 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2.25 കോടി രൂപ വകയിരുത്തുകയും ടി തുക കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി നടപ്പു വർഷത്തിൽ ഇതുവരെയായി 52,11,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 65 | 1,68,500.00 |
| 2 | ആലപ്പുഴ | 4 | 11,250.00 |
| 3 | ഇടുക്കി | 5 | 12,500.00 |
| 4 | കോട്ടയം | 64 | 1,53,750.00 |
| 5 | എറണാകുളം | 511 | 15,64,100.00 |
| 6 | തൃശ്ശൂർ | 933 | 22,17,550.00 |
| 7 | മലപ്പുറം | 260 | 6,18,000.00 |
| 8 | കോഴിക്കോട് | 81 | 1,96,500.00 |
| 9 | കണ്ണൂർ | 26 | 55,250.00 |
| 10 | കാസർഗോഡ് | 88 | 2,14,000.00 |
| | ആകെ | 2037 | 52,11,400.00 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി മുഖേന ഈ ആദ്ധ്യയന വർഷം ഇതേ വരെ എത്ര കുട്ടികൾക്ക് മാസം തോറും പഠന സഹായം നൽകാൻ നടപടി സ്വീകരിച്ചു ; ഇനി ഈ അദ്ധ്യയന വർഷം എത്ര കുട്ടികളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (സി) | സ്നേഹപൂർവ്വം പദ്ധതിയിൽ അദ്ധ്യയന വർഷാരംഭത്തിൽ പുതുക്കൽ ഫോറം നൽകേണ്ടതിനാൽ ഈ അദ്ധ്യായന വർഷത്തേക്കുള്ള ധന സഹായം ഇതേവരെ നൽകിയിട്ടില്ല. പ്രസ്തുത അപേക്ഷ ലഭിക്കുന്നതിനുള്ള ഫോറം മുഴുവൻ ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ട്. ഈ അദ്ധ്യായന വർഷം 10,000 ൽ പരം പേർക്ക് ധനസഹായം അനുവദിയ്ക്കേണ്ടി വരുമെന്ന്പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രതിമാസം ഓരോ കുട്ടിയ്ക്കും നൽകുന്ന പഠന സഹായം എത്ര രൂപാ വീതമാണെന്ന് വ്യക്തമാ ക്കുമോ ; | (ഡി) | 1-ാം ക്ലാസ്സു മുതൽ 5-ാം ക്ലാസ്സു വരെയുള്ള കുട്ടികൾക്ക് പ്രതിമാസം 300/- രൂപയും, 6-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് പ്രതിമാസം 500/- രൂപ വീതവും, +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിമാസം 750/- രൂപ വീതവും , ഡിഗ്രി/പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ വീതവും ധനസഹായമായി നൽകുന്നു. |
| (ഇ) | വാർഷിക വരുമാനം മാനദണ്ഡമാക്കാതെ മാതാവോ പിതാവോ രണ്ടു പേരുമോ നഷ്ടപ്പെട്ടാൽ എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ സംസ്ഥാനത്തെ മുഴുവൻ സർക്കാർ/ എയ്ഡഡ് സ്കൂൾ, കോളേജ് വിദ്യാർത്ഥികളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) | വരുമാന പരിധി ഒഴിവാക്കി ആനുകൂല്യം അനുവദിയ്ക്കുന്ന കാര്യം പരിഗണനയിലില്ല. |

R. Vijayan

സെക്ഷൻ ഓഫീസർ